# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 414  25.06.2019 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും ഗതാഗത യോഗ്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.എസ്.ശിവകുമാർ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; | എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള നടപടികളാണ് നടപ്പിലാക്കി വരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പുനർ നിർമ്മാണത്തിനായി ദുരന്ത നിവാരണ ഫണ്ടും നോൺപ്ലാൻ ഫണ്ടും ഉപയോഗിച്ച് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികളും ഓടകളുടെയും സംരക്ഷണഭിത്തികളുടെയും നിർമ്മാണവും മറ്റും പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളിൽ റോഡുകളുടെ ഉപരിതലം പുതുക്കലും ഡിസൈൻ റോഡുകളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി 2400 കി.മീ റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് 1897 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഏകദേശം 163 കി.മീ റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ ഒക്കെത്തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 15 വർഷം നില നിൽക്കുന്ന റോഡുകളാണ് വിഭാവനം ചെയ്യുന്നത്. ഏകദേശം 1600 കി.മീ നീളം വരുന്ന 59 റോഡുകൾ റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് 2800 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. |

വിദേശ ബാങ്ക്, എ.ഡി.ബി, ജർമ്മൻ ബാങ്ക് തുടങ്ങിയ വിദേശ ഏജൻസികളുടെ ധനസഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗത യോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു.

പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി റോഡുകളുടെ 90% പണികളും പൂർത്തീകരിച്ചു. പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി റോഡുകളായ ആലപ്പുഴ- ചങ്ങനാശ്ശേരി റോഡ്, തിരുവല്ല — മാവേലിക്കര റോഡ് എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. മുത്തോലി - കൊഴുവനാൽ റോഡ്, മുത്തോലി പാലത്തിന്റെ അബട്ട്മെന്റിന്റെ പുനരുദ്ധാരണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും, പാല — ഈരാറ്റുപേട്ട റോഡ് (അബട്ട്മെന്റ് നവീകരണവും സംരക്ഷണ ഭിത്തി നിർമ്മാണവും) ഇരിട്ടി - നെടുംപോയിൽ റോഡ് എന്നിവയുടെ മെയിന്റനൻസ് പ്രവൃത്തികൾ പദ്ധതിയുടെ മെയിന്റനൻസ് കാലാവധിക്കുള്ളിലായതിനാൽ നിലവിലുള്ള കരാറുകാരനെക്കൊണ്ട് പണികൾ പൂർത്തീകരിച്ചു. തലശ്ശേരി - വളവുപാറ റോഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള ശംഖുമുഖം ബീച്ച് റോഡിൽ പ്രളയത്തിൽ തകർന്ന ഏകദേശം 300മീറ്റർ റോഡിന്റെ പുനർനിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) ദേശീയ പാതകളിൽ കാര്യമായ നാശം സംഭവിച്ച സ്ഥലങ്ങളിൽ താല്ക്കാലിക പരിഹാരമായി ഫ്ളഡ് റിപ്പയർ പാക്കേജിൽ കേന്ദ്രം പണം അനുവദിച്ചിട്ടുണ്ടോ; സ്ഥായിയായ പരിഹാരത്തിനായി | ബി) ദേശീയപാതകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി |

| | | | |
|---|---|---|---|
| | സമർപ്പിച്ച പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | | രൂപയിൽ ഓരോ ദേശീയപാതാ ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് എത്രയും വേഗം അനുമതി ലഭിക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. ദേശീയപാത 766 ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർ നിർമ്മിക്കുകയുണ്ടായി. |
| സി) | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ റോഡുകളുടെ നവീകരണത്തിനായി നാനൂറ്റിയമ്പത് കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര റോഡ് ഗതാഗത-ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള കേന്ദ്ര തീരുമാനം എന്താണ് എന്ന് വെളിപ്പെടുത്താമോ; | സി) | സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 28 പദ്ധതികൾക്കായി 351 കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്ന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ നവീകരണത്തിനായി 450 കോടി രൂപയുടെ 28 പദ്ധതികളുടെ പ്രൊപ്പോസലുകൾ വീണ്ടും സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമർപ്പിക്കുകയും, അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| ഡി) | നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ് പ്രളയാനന്തര പ്രവൃത്തികളുടെ നിർവ്വഹണത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | ഡി) | നിർമ്മാണ സാമഗ്രികളായ പാറ, മെറ്റൽ എന്നിവയുടെ ലഭ്യതക്കുറവ് പ്രളയാനന്തര പ്രവൃത്തികളെ ഒരു പരിധി വരെ ബാധിച്ചിരുന്നു. പ്രവൃത്തികൾ ടെണ്ടർ ചെയ്താൽ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിച്ചിരുന്നു. എന്നാൽ നിലവിൽ നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിൽ അത്രയധികം കുറവ് അനുഭവപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ